MEDICINE FOR MALARIA—DISTRIBUTION OF

174. Mr. K. Balakrishna Menon *(Cheruthuruthi):* Will Government be pleased to state.—

if free distribution of medicine for curing malaria is still being continued in Manaloor, Parlikad and other villages in the Talappalli Taluk?

Rao Bahadur T. K. Nayar *(Minister for Public Health):*

House to house distribution of Mepacrine pills was carried out till 1st Mithunam 1122. This was discontinued from the above date as the incidence of malaria was negligible and was not expected to rise in the monsoon months of Mithunam and Karkadagam. The isolated cases now found are due to relapses only. Such cases are still getting Mepacrine pills from the Malaria Training Centre at Vadakkancheri.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിൽ മണലൂർ എന്നാണ് സ്ഥലത്തിന്റെ പേര് കാണുന്നത്. ഇത് മ്ണാലൂരാണോ?

റാവു ബഹദൂർ ടി. കെ. നായർ: മ്ണാലൂർ എന്നാണ് ശരിയായപേര്.

PRICE OF SOAPS—INCREASE OF

175. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവ ൺമെണ്ട സദയം മറുപടി പറയുമോ.—

(എ) സോപ്പുതരങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) & (സി) ഉണ്ടെങ്കിൽ അതിനെക്കുറിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) മറ്റു പല സാധനങ്ങൾക്കും വില വർദ്ധിച്ചിട്ടുള്ളതുപോലെ സോപ്പിനും വില വർദ്ധിച്ചതായി ഗവൺമെണ്ടിന്നറിയാം.

(ബി) & (സി) അതു സംബന്ധിച്ചു ഗവൺമെണ്ടു യാതൊരു നടപടിയും എടുത്തിട്ടില്ല; എടുക്കുവാൻ സാധിക്കുമെന്നു തോന്നുന്നുമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: വെളിച്ചെണ്ണമില്ലുകാരെ സഹായിക്കാൻ വേണ്ടിയാണോ, നടപടിയെടുക്കാൻ സാധിയ്ക്കയില്ലാ എന്നു പറയുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു വിചാരമില്ല.

Mr. President: That question does not arise.

മിസ്റ്റർ എം. ഐ. പോൾ: വെളിച്ചെണ്ണവില കുറച്ചുകൊടുക്കണമെന്നു ഗവൺമെണ്ടിന്റെ അടുക്കൽ സോപ്പുകമ്പനിക്കാർ വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ ഗവൺമെണ്ടിന്റെ അടുത്തു് നിവേദനം സമർപ്പിച്ചിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വെളിച്ചെണ്ണയ്ക്ക് വില വർദ്ധിച്ചതുകൊണ്ടാണോ സോപ്പിനു സീമാതീതമായി വില വർദ്ധിച്ചതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണെന്നു തോന്നുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: വെളിച്ചെണ്ണയുടെ വില കൺട്രോൾചെയ്തകാലത്തു് സോപ്പിന്റെ വില എന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുകൂടാതെ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മറ്റു പല സാധനങ്ങൾക്കും വില വർദ്ധിച്ചതുപോലെ സോപ്പിനും വില വർദ്ധിച്ചു എന്നു ഗവൺമെണ്ടു പറയുന്നു. മറ്റുസാധനങ്ങൾക്കു് വില വർദ്ധിക്കുവാൻ എന്താണു് കാരണം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇടയിടെ കുറച്ചുകാലമായി രൂപായുടെ വിലയിടിഞ്ഞു. അപ്പോൾ സാധനങ്ങളുടെ വില കൂടുകയുണ്ടായി.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതുമാത്രമാണോ കാരണം, അതോ, വേറെവല്ലതുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly